(സി) തെരുവിൽ അലഞ്ഞുനടക്കുന്ന കുട്ടികളുടെ പുനഃരധിവാസം ലക്ഷ്യമിട്ടുകൊണ്ട് സാമൂഹ്യനീതി വകുപ്പിന്റെ സഹായത്തോടെ മൂന്ന് ഓപ്പൺ ഷെൽട്ടർ ഹോമുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഭിക്ഷാടനം ഇല്ലാതാക്കുന്നതിനും, നിർദ്ധനരായ ഭിക്ഷക്കാരെ സംരക്ഷിക്കുന്നതിനുവേണ്ടിയും The Prevention of Begging & Protection of Destitute Beggars and their Dependent Bill, 2015 പരിശോധിച്ചുവരികയാണ്.

ജുവനൈൽ ഹോമുകളുടെ പ്രവർത്തനം

202 (5555) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ജുവനൈൽ ഹോമുകൾ പ്രവർത്തിക്കുന്നുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(ബി) 100 ൽ കൂടുതൽ കുട്ടികളുള്ള എത്ര ജുവനൈൽ ഹോമുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) ഇത്തരം ജുവനൈൽ ഹോമുകളിലെ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ എപ്രകാരമാണെന്ന് വ്യക്തമാക്കാമോ ;

(ഡി) ജുവനൈൽ ഹോമുകളിൽ സ്റ്റാഫ് പാറ്റേൺ പുനഃക്രമീകരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ ?

ഉത്തരം

(എ) സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ കേരളത്തിൽ ആകെ 25 ജുവനൈൽ ഹോമുകൾ നിലവിലുണ്ട്.

1. സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള ജെ.ജെ. സ്ഥാപനങ്ങൾ :

കേരളത്തിൽ ആകെ 8 ഒബ്സർവേഷൻ ഹോമുകളും 6 ഒബ്സർവേഷൻ ഹോമുകൾ & ചിൽഡ്രൻസ് ഒബ്സർവേഷൻ ഹോമുകളും പ്രവർത്തിക്കുന്നു. അതിന്റെ വിവരം ചുവടെ ചേർക്കുന്നു :

1. ഒബ്സർവേഷൻ ഹോമുകൾ (റിമാൻഡ് ഹോമുകൾ) :

1. ഗവ. ഒബ്സർവേഷൻ ഹോം. തിരുവനന്തപുരം.
2. ഗവ. ഒബ്സർവേഷൻ ഹോം, കൊല്ലം.
3. ഗവ. ഒബ്സർവേഷൻ ഹോം, കോട്ടയം.

LIBRARY ARCHIVES Kerala Legislative Assembly

4. ഗവ. ഒബ്സർവേഷൻ ഹോം, ആലപ്പുഴ.

5. ഗവ. ഒബ്സർവേഷൻ ഹോം, എറണാകുളം.

6. ഗവ. ഒബ്സർവേഷൻ ഹോം, തൃശ്ശൂർ.

7. ഗവ. ഒബ്സർവേഷൻ ഹോം, കോഴിക്കോട്.

8. ഗവ. ഒബ്സർവേഷൻ ഹോം (ഗേൾസ്), കോഴിക്കോട്.

II. ഒബ്സർവേഷൻ ഹോം & സ്പെഷ്യൽ ചിൽഡ്രൻസ് ഹോമുകൾ :

1. ഗവ. ഒബ്സർവേഷൻ & സ്പെഷ്യൽ ചിൽഡ്രൻസ് ഹോം, പത്തനംതിട്ട.

2. ഗവ. ഒബ്സർവേഷൻ & സ്പെഷ്യൽ ചിൽഡ്രൻസ് ഹോം, പാലക്കാട്.

3. ഗവ. ഒബ്സർവേഷൻ & സ്പെഷ്യൽ ചിൽഡ്രൻസ് ഹോം, മലപ്പുറം.

4. ഗവ. ഒബ്സർവേഷൻ & സ്പെഷ്യൽ ചിൽഡ്രൻസ് ഹോം, വയനാട്.

5. ഗവ. ഒബ്സർവേഷൻ & സ്പെഷ്യൽ ചിൽഡ്രൻസ് ഹോം, തലശ്ശേരി.

6. ഗവ. ഒബ്സർവേഷൻ & സ്പെഷ്യൽ ചിൽഡ്രൻസ് ഹോം, കാസർഗോഡ്.

III. പ്ലേസ് ഓഫ് സേഫ്റ്റി :

പ്ലേസ് ഓഫ് സേഫ്റ്റി, തൃശ്ശൂർ

IV. ഗവ. ചിൽഡ്രൻസ് ഹോമുകൾ :

കേരളത്തിലെ ആകെ 8 ജുവനൈൽ ഹോമുകളാണ് (ചിൽഡ്രൻസ് ഹോമുകൾ) പ്രവർത്തിക്കുന്നത്.

1. ഗവ. ചിൽഡ്രൻസ് ഹോം, തിരുവനന്തപുരം

2. ഗവ. ചിൽഡ്രൻസ് ഹോം, കൊല്ലം

3. ഗവ. ചിൽഡ്രൻസ് ഹോം, കോട്ടയം

4. ഗവ. ചിൽഡ്രൻസ് ഹോം, ആലപ്പുഴ

5. ഗവ. ചിൽഡ്രൻസ് ഹോം, എറണാകുളം (ഗേൾസ്)

6. ഗവ. ചിൽഡ്രൻസ് ഹോം, കോഴിക്കോട് (ഗേൾസ്)

7. ഗവ. ചിൽഡ്രൻസ് ഹോം, കോഴിക്കോട് (ബോയ്സ്)

8. ഗവ. ചിൽഡ്രൻസ് ഹോം, തൃശ്ശൂർ

LIBRARY ARCHIVES Kerala Legislative Assembly

V. സ്പെഷ്യൽ ഹോമുകൾ :

കേരളത്തിൽ ആകെ 2 കറക്ഷൻ (സ്പെഷ്യൽ ഹോം) ഹോമുകളാണ് നിലവിലുള്ളത്. വിശദമായ വിവരം ചുവടെ ചേർക്കുന്നു :

1. ഗവ. സ്പെഷ്യൽ (കറക്ഷൻ ഹോം) ഹോം (ബോയ്സ്), തിരുവനന്തപുരം

2. ഗവ. സ്പെഷ്യൽ (കറക്ഷൻ ഹോം) ഹോം (ഗേൾസ്), കോഴിക്കോട്

(ബി) സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള കോഴിക്കോട് ഗവ. ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ് ഒഴികെ ബാക്കി സ്ഥാപനങ്ങളിൽ 100-ൽ കൂടുതൽ കുട്ടികൾ നിലവിലില്ല. കോഴിക്കോട് ഗവ. ചിൽഡ്രൻസ് ഹോം ഫോർ ഗേൾസിൽ നിലവിൽ 131 കുട്ടികളുണ്ട്. ഇതിൽ 90 കുട്ടികൾ സ്ഥാപനത്തിൽ താമസിച്ച് പഠിക്കുന്നു. ബാക്കി കുട്ടികൾ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്നു.

(സി) സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള ചിൽഡ്രൻസ് ഹോമുകൾ, ഒബ്സർവേഷൻ ഹോമുകൾ, സ്പെഷ്യൽ ഹോമുകൾ എന്നിവിടങ്ങളിലെ സ്റ്റാഫുകളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.

(ഡി) ജുവനൈൽ ഹോമുകളിൽ സ്റ്റാഫ് പാറ്റേൺ പുന:ക്രമീകരിക്കുന്നതിന് ഇപ്പോൾ നടപടികൾ സ്വീകരിച്ചിട്ടില്ല.

അങ്കണവാടി ജീവനക്കാർ

203 (5556) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തുച്ഛമായ വേതനത്തിൽ ജോലി നോക്കിവരുന്ന അങ്കണവാടി ജീവനക്കാരുടെ അധികജോലി ഒഴിവാക്കി കുട്ടികളുടെ സംരക്ഷണ ചുമതലയ്ക്ക് കൂടുതൽ സമയം ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും;

(ബി) അങ്കണവാടി ജീവനക്കാർക്ക് സ്ഥലംമാറ്റത്തിന് നിലവിലെ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുമോ ?

ഉത്തരം

(എ) ഐസിഡിഎസ് പദ്ധതി ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയായതിനാൽ ആയതിന് കീഴിലുള്ള അങ്കണവാടികളുടെ സമയക്രമം കേന്ദ്ര സർക്കാരാണ് നിശ്ചയിച്ചിട്ടുള്ളത്. നിലവിൽ 09.30 മുതൽ 3.30 വരെ അങ്കണവാടി പ്രവർത്തനങ്ങൾക്കും

LIBRARY ARCHIVES Kerala Legislative Assembly